# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 367 28.01.2019-ൽ മറുപടിക്ക്

### പഴശ്ശി കുടീരം

**ചോദ്യം**

ശ്രീ.ഒ. ആർ. കേളു

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

ബഹു.തുറമുഖവും മ്യൂസിയവും

പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | മാനന്തവാടി പഴശ്ശി കുടീരത്തിൽ കൂടുതൽ സന്ദർശകരെ ആകർഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) & (ബി) | മാനന്തവാടി പഴശ്ശി കുടീര മ്യൂസിയത്തിൽ കൂടുതൽ സന്ദർശകരെ ആകർഷിക്കുന്നതിലേക്കായി മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിരിക്കുന്ന പുരാവസ്തുക്കൾ സജ്ജീകരിച്ചിരിക്കുന്നിടത്ത് ലൈറ്റിംഗ് സംവിധാനം മെച്ചപ്പെടുത്തുന്നതിനും ഓഡിയോ വിഷ്വൽ സംവിധാനം ഏർപ്പെടുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മ്യൂസിയം പരിസരത്തെ ഉദ്യാനത്തിൽ ലാൻഡ് സ്കേപ്പിംഗ്, ഗാർഡനിംഗ്, എന്നിവയ്ക്കു പുറമേ സംരക്ഷണ മതിലും നിർമ്മിച്ചിട്ടുണ്ട്. സന്ദർശക സൗഹൃദ സൗകര്യങ്ങളും ഭിന്നശേഷി സൗഹൃദ സൗകര്യങ്ങളും ശുചിമുറികളും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പഴശ്ശി കുടീരത്തിൽ സ്ഥിതി ചെയ്യുന്ന ഉദ്യാനത്തിലേക്ക് കൂടുതൽ സന്ദർശകരെ ആകർഷിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ